"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണവകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ശ്രീമതി.ടെസി ബേബി, ജൂനിയർ സൂപ്രണ്ട്, കേരള സ്റ്റേറ്റ് ഇൻഷുറൻസ് വകുപ്പ് എന്നവരുടെ കുടുംബശ്രീ ആലപ്പുഴ ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയം ഭരണ (ഐ എ) വകുപ്പ്**

സ.ഉ.(സാധാ) നം.768/2026/LSGD തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:-

1. 10.05.2013-ലെ 42/2013/ധന നമ്പർ സർക്കുലർ
2. 28.11.2013-ലെ സ.ഉ (പി) നമ്പർ 580/2013/ധന
3. 09.10.2024-ലെ സ.ഉ (സാധാ)നം. 1878/2024/തസ്വഭവ
4. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 08.10.2025-ലെ 2629/E1/2024/KSHO നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ശ്രീമതി.ടെസി ബേബി, ജൂനിയർ സൂപ്രണ്ട്, കേരള സ്റ്റേറ്റ് ഇൻഷുറൻസ് വകുപ്പ് എന്നവരെ കുടുംബശ്രീ ആലപ്പുഴ ജില്ലാ മിഷനിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ പരാമർശം (3) പ്രകാരം അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവായിരുന്നു. ടിയാളുടെ അന്യത്ര സേവന കാലാവധി 15.10.2025-ന് അവസാനിക്കുന്നതിനാൽ, ആയത് 16.10.2025 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (4) കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) ഉത്തരവിലെ നിബന്ധനകളിൽ ഇളവ് അനുവദിച്ച്, ശ്രീമതി.ടെസി ബേബി, ജൂനിയർ സൂപ്രണ്ട്, കേരള സ്റ്റേറ്റ് ഇൻഷുറൻസ് വകുപ്പ് എന്നവരുടെ കുടുംബശ്രീ ആലപ്പുഴ ജില്ലാ മിഷനിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്ര സേവനകാലാവധി കേരള സർവീസ് റൂൾസ് ഭാഗം I, ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും, പരാമർശം (I) സർക്കുലറിലെ മാനദണ്ഡങ്ങൾക്ക് വിധേയമായും, അന്യത്ര സേവനകാലാവധി തുടർന്ന് ദീർഘിപ്പിച്ചു നൽകുകയില്ല എന്ന വ്യവസ്ഥയിൽ 16.10.2025 മുതൽ 30.06.2026 വരെ ദീർഘിപ്പിച്ചു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വിനീത വി ആർ
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ശ്രീമതി.ടെസി ബേബി, ജൂനിയർ സൂപ്രണ്ട്, കേരള സ്റ്റേറ്റ് ഇൻഷുറൻസ് വകുപ്പ് (ഡയറക്ടർ, കേരള

സ്റ്റേറ്റ് ഇൻഷുറൻസ് വകുപ്പ് മുഖേന)

ഡയറക്ടർ, കേരള സ്റ്റേറ്റ് ഇൻഷുറൻസ് വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/324/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 15-03-2026 15:48:27

സെക്ഷൻ ഓഫീസർ